## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.332 | 28.11.2018-ൽ മറുപടി നല്കേണ്ടിയിരുന്നത് |
|---|---|

**സാമൂഹിക സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിൽ സാമൂഹിക സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 463765 |
| കൊല്ലം | 383624 |
| പത്തനംതിട്ട | 167328 |
| ആലപ്പുഴ | 317240 |
| കോട്ടയം | 248681 |
| ഇടുക്കി | 142401 |
| എറണാകുളം | 389240 |
| തൃശ്ശൂർ | 436952 |
| പാലക്കാട് | 403737 |
| മലപ്പുറം | 456594 |
| കോഴിക്കോട് | 388267 |
| വയനാട് | 106754 |
| കണ്ണൂർ | 358497 |
| കാസർഗോഡ് | 165499 |
| ആകെ | 4428579 |

| | | | |
|---|---|---|---|
| (ബി) | ഇവരിൽ അനർഹരെ കണ്ടെത്താൻ പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിനായി വാഹനരജിസ്ട്രേഷൻ വിവരങ്ങളും മരണ രജിസ്ട്രേഷൻ വിവരങ്ങളും പരിശോധന നടത്തിയിരുന്നു. |
| (സി) | എങ്കിൽ ആരാണ് പരിശോധന നടത്തിയതെന്നും പരിശോധന ഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | ധനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാഹന രജിസ്ട്രേഷൻ ഡാറ്റാബേസ്, മരണ രജിസ്ട്രേഷൻ ഡാറ്റാബേസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 66637 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ അയക്കുന്നത് താൽക്കാലികമായി തടഞ്ഞിരുന്നു. 42892 പേർക്ക് വാഹനങ്ങൾ ഉള്ളതായും 23745 പേർ മരണപ്പെട്ടതായും |

| | | | |
|---|---|---|---|
| | | | ആണ് പരിശോധനയിൽ കണ്ടെത്തിയിരുന്നത്. എന്നാൽ ടി വിവരങ്ങളിൽ തെറ്റുകൾ കടന്ന് കൂടിയിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ വിവരങ്ങൾ അതത് പ്രാദേശിക സർക്കാരുകൾക്ക് കൈമാറി അന്വേഷണം നടത്തി തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ തടയപ്പെട്ടവർക്ക് പെൻഷൻ അയച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹിക സുരക്ഷ പെൻഷനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>2. 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉള്ളവരായിരിക്കരുത്.(പട്ടിക വർഗ്ഗക്കാരൊഴികെ)<br>3. ആദായനികുതിദായകരായിരിക്കരുത്.<br>4. സർവ്വീസ് പെൻഷണറായിരിക്കരുത്.<br>5. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരായിരിക്കരുത്.<br>6. 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള വീടുകളിൽ താമസിക്കുന്നവരായിരിക്കരുത്.<br>7. 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള നാല് ചക്ര വാഹനം (ടാക്സിയല്ലാത്തവ) സ്വന്തമായി ഉള്ളവരായിരിക്കരുത്.<br>8. 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങൾ (ലോറി/ബസ്സ്/ട്രക്ക്)സ്വന്തമായി ഉള്ളവരായിരിക്കരുത്.<br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ ഓരോ പെൻഷൻ സ്കീമിലും ചുവടെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതുണ്ട്.<br>1. വാർദ്ധ്യകാല പെൻഷൻ – 60 വയസ്സ് കഴിഞ്ഞവർ<br>2. വികലാംഗ പെൻഷൻ – 40 ശതമാനമോ അതിലധികമോ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ<br>3. വിധവാ പെൻഷൻ - വിധവ/വിവാഹമോചിത ആയിരിക്കണം<br>4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - അപേക്ഷക 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായിരിക്കണം.<br>5. കർഷക തൊഴിലാളി പെൻഷൻ - 60 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ വ്യക്തിയായിരിക്കണം. |
| (ഇ) | ജീവിച്ചിരിപ്പില്ലാത്തവരുടെ പെൻഷൻ ആരെങ്കിലും കൈപ്പറ്റി വരുന്നുണ്ടോ എന്നും എങ്കിൽ അത്തരക്കാർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന | (ഇ) | ജീവിച്ചിരിപ്പില്ലാത്തവരുടെ പെൻഷൻ തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ട വ്യക്തികൾക്ക് അറിയിപ്പ് നൽകുന്നതിന് അതാത് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി പെൻഷൻ |

| | | |
|---|---|---|
| നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ; 1200 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുള്ളവരെയും സ്വന്തമായി കാറുള്ളവരെയും മക്കളുടെ പേരിൽ കാറുള്ളവരെയും സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | **അപേക്ഷിക്കുന്നവരിൽ 1200 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുകളിൽ താമസിക്കുന്നവരെയും 1000 സിസിയിൽ കൂടുതൽ എൻജിൻ ശേഷിയുള്ള നാല് ചക്ര വാഹനം (ടാക്സിയല്ലാത്തവ) സ്വന്തമായി ഉള്ളവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. മക്കളുടെ പേരിൽ കാറുള്ളവരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.** |

**സെക്ഷൻ ഓഫീസർ**